# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **3621** — **15/7/2015**-ൽ മറുപടിക്ക്

## ചേർത്തല ജപ്പാൻ കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ട വിപുലീകരണം

### ചോദ്യം

ശ്രീ. എ.എം.ആരിഫ്

(എ) ചേർത്തല ജപ്പാൻ കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടവിപുലീകരണ പ്രവൃത്തിയുടെ ഭാഗമായി നബാർഡ് സഹായത്താൽ 60 കോടി രൂപയുടെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ നാളിതുവരെ ആരംഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കാതിരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എന്തെന്ന് വിശദമാക്കാമോ; മുൻപരിചയവും സാങ്കേതിക തികവുമുള്ള സ്ഥിരം ജീവനക്കാരെ ഈ പദ്ധതിയുടെ നിർവ്വഹണത്തിനായി പൂർത്തീകരണം വരെ നിയോഗിക്കുന്നതിനും അപാകതകൾ ഉണ്ടാകുന്ന പക്ഷം അവ ഉദ്യോഗസ്ഥരുടെ ബാധ്യതയായി നിശ്ചയിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

### മറുപടി

ശ്രീ. പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പുമന്ത്രി)

(എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
ചേർത്തല ജപ്പാൻ കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ട വിപുലീകരണത്തിന്റെ ഭാഗമായി 18 പഞ്ചായത്തുകളിലെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ 8 പാക്കേജുകളായി തിരിച്ച് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാർക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 6 പാക്കേജുകളുടെ പെർഫോമൻസ് ഗ്യാരണ്ടി സംബന്ധിച്ച് തർക്കം ഉന്നയിച്ച് കരാറുകാർ കോടതിയെ സമീപിച്ചിരിക്കുകയാണ്. പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിനു വേണ്ടി കരാറുകാരുമായി ചർച്ച ചെയ്ത് പ്രശ്നം പരിഹരിക്കുന്നതിന് ശ്രമിച്ചുവരുന്നു. മുൻപരിചയവും സാങ്കേതികത്തികവുമുള്ള സ്ഥിരം ജീവനക്കാരെയാണ് ഈ പദ്ധതിയുടെ നിർവ്വഹണത്തിനായി നിയോഗിച്ചിരിക്കുന്നത്. അപാകതകൾ ഉണ്ടാകുന്ന പക്ഷം നിലവിലുള്ള നിയമപ്രകാരം ഉത്തരവാദിത്തപ്പെട്ടവരുടെ പേരിൽ നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

JSK/